# സമഗ്രവികസനത്തിന് അടിത്തറപാകുന്ന ബജറ്റ്

**വി എസ് അച്യുതാനന്ദൻ**

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ രണ്ടാമത് ബജറ്റിനെ ആക്ഷേപിക്കാൻ വകുപ്പൊന്നും കാണാതെ ഇരുട്ടിൽത്തപ്പുന്ന പ്രതിപക്ഷത്തെയാണ് ബജറ്റിന്റെ ചർച്ചാവേളയിൽ കണ്ടത്. ഇരുട്ടിൽ തപ്പിയപ്പോൾ അവർക്ക് കിട്ടിയത് 'കേന്ദ്രസഹായം ബജറ്റ്' എന്ന വിശേഷണമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ബജറ്റിലെ നിർദേശങ്ങൾ എന്നാണ് പ്രതിപക്ഷത്തെ ചിലർ ആ വിശേഷണത്തിന് ഉപോൽബലകമായി പറഞ്ഞത്.

വയനാട്, പാലക്കാട്, കാസർകോട് ജില്ലകൾക്കായി കേന്ദ്രം അനുവദിച്ച കാർഷിക പാക്കേജ്, തോട്ടവിളകൾക്കായി തയ്യാറാക്കിവരുന്ന കേന്ദ്രപാക്കേജ് – ഈ പാക്കേജുകൾ പ്രകാരം അടുത്ത സാമ്പത്തിക വർഷം കിട്ടാവുന്ന തുക, അതു ചെലവഴിക്കുമ്പോൾ സംസ്ഥാന സർക്കാർ കൂട്ടിച്ചേർക്കേണ്ട വിഹിതം, അതിനുപുറമെ കാർഷിക കടാശ്വാസ കമീഷനായി വകയിരുത്തിയ 160 കോടി രൂപ, നെല്ല് സംഭരണം, നെൽകൃഷി പ്രോത്സാഹനം, നാളികേര വികസനം, കാർഷികോൽപന്ന വിപണനം തുടങ്ങിയ പദ്ധതികൾക്കായുള്ള 100 കോടിയോളം രൂപ, കാർഷിക വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ – ഇതെല്ലാം ചേർത്ത് അടുത്ത സാമ്പത്തികവർഷത്തിൽ കാർഷികമേഖലയിൽ ആയിരംകോടി രൂപയോളം ചെലവഴിക്കപ്പെടും എന്നാണ് ബജറ്റിൽ വ്യക്തമാക്കിയിട്ടുള്ളത്.

'കേന്ദ്രസഹായം ബജറ്റ്' എന്നാക്ഷേപിക്കാൻ ഇതാണ് പ്രതിപക്ഷത്തെ ചിലർ കരുവാക്കുന്നത്. കേന്ദ്രമെന്നാൽ ഇന്ത്യക്ക് പുറത്തുള്ള ഏതോ സ്ഥാപനമാണെന്നു തോന്നും ആക്ഷേപം കേട്ടാൽ. കേ

ന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന ഗ്രാന്റും സഹായങ്ങളും മറ്റെവിടെ നിന്നോ കൊണ്ടുവരുന്നതാണെന്നും തോന്നിപ്പോകും. സംസ്ഥാനങ്ങ ളിൽനിന്ന് സംഭരിക്കുന്ന നികുതി വരുമാനമാണ് കേന്ദ്രത്തിന്റെ ധന സ്രോതസ്സ്. അതിലൊരു പങ്ക് വിവിധ പദ്ധതികൾക്കായി സംസ്ഥാന ങ്ങൾക്ക് നൽകുന്നു. വാസ്തവത്തിൽ അർഹിക്കുന്നതുകയുടെ ചെ റിയൊരു ശതമാനം മാത്രമാണ് നൽകുന്നത്. സംസ്ഥാനങ്ങളുടെ ധന സ്രോതസ്സ് അടയ്ക്കുക, കേന്ദ്രവിഹിതം കുറയ്ക്കുക, കേന്ദ്രം ആവി ഷ്കരിക്കുന്ന പദ്ധതികൾക്ക് സംസ്ഥാനവിഹിതമായി നൽകേണ്ട തുക ഏകപക്ഷീയമായി നിശ്ചയിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളാണ് കേന്ദ്രംചെയ്യുന്നത്. എന്നിട്ടും കേന്ദ്രാവിഷ്കൃതപദ്ധതികൾ ചൂണ്ടിക്കാ ട്ടി കേന്ദ്രസഹായം ബജറ്റ് എന്ന് വിശേഷിപ്പിക്കുന്നത് ലജ്ജാകരമെ ന്നേ പറയേണ്ടൂ.

സംസ്ഥാന ബജറ്റ് കേരളത്തിന്റെ സമഗ്രവികസനത്തിനുള്ള ദീർ ഘവീക്ഷണത്തോടെയുള്ളതും ജനോപകാരപ്രദവുമാണെന്ന് മിക്കവാ റും എല്ലാ മാധ്യമങ്ങളും സാമ്പത്തിക നിരീക്ഷകരുമെല്ലാം വിലയിരു ത്തിയിട്ടുള്ളതാണ്. കാർഷിക–വ്യവസായമേഖലകളുടെ വികസനത്തി നാണ് ബജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. യുഡിഎഫ് ഭരണകാ ലത്ത് രണ്ടുമേഖലകളും തകർക്കുകയായിരുന്നു. നിരന്തരമുള്ള ആത്മ ഹത്യകളാണ് യുഡിഎഫ് ഭരണത്തിൽ കാർഷികമേഖലയിലുണ്ടായത്. കടുത്ത തകർച്ചയിൽനിന്ന് കൃഷിമേഖല മെല്ലെമെല്ലെ ഉയർത്തെഴു ന്നേൽക്കുന്ന ചിത്രമാണ് കഴിഞ്ഞ ഏതാനും മാസത്തിനിപ്പുറം നമുക്ക് കാണാൻ കഴിയുന്നത്. കിലോവിന് എട്ടര രൂപ നിരക്കിൽ കൂടുതൽ ജില്ലകളിൽ നെല്ല് സംഭരണം, നെൽകൃഷിക്കാർക്ക് ഉപതൊഴിൽ ലഭ്യ മാക്കുന്നതിനുള്ള സ്കീം, കൂട്ടുകൃഷിക്ക് പ്രോത്സാഹനം എന്നിങ്ങനെ നെൽകൃഷിയെ ഊർജസ്വലമാക്കുന്നതിനുള്ള വ്യക്തമായ കർമപരിപാ ടികളാണ് ബജറ്റിന്റെ ഒരു സവിശേഷത.

പൊതുജനാരോഗ്യരംഗം തകർത്ത് ജനങ്ങളെ ഒന്നടങ്കം സ്വകാ ര്യ ആശുപത്രികളുടെ ചൂഷണത്തിനായി തള്ളിവിടുന്ന സമീപനമാണ്

യുഡിഎഫ് ഭരണകാലത്ത് സ്വീകരിച്ചത്. പാവപ്പെട്ടവർ ചികിത്സകിട്ടാതെ നരകിക്കുന്ന അവസ്ഥയായിരുന്നു അതിന്റെ ഫലം. കേരളം പകർച്ചവ്യാധികളുടെ പിടിയിലകപ്പെട്ടുപോയ ദുഃസ്ഥിതിയും അതിന്റെ ഫലമാണ്. എന്നാൽ, പൊതുജനാരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദേശങ്ങളടങ്ങുന്നതാണ് ഇത്തവണത്തെ ബജറ്റ്. സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രി ഇല്ലാത്ത ജില്ലകളിൽ അത് സ്ഥാപിക്കുന്നതിന് നിർദേശമുണ്ട്. ആരോഗ്യ ഇൻഷുറൻസ് എൽഡിഎഫ് സർക്കാർ തകർത്തുകളഞ്ഞെന്നാണ് കഴിഞ്ഞ പത്തുമാസക്കാലവും പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി വിലപിച്ചുകൊണ്ടിരുന്നത്. വാസ്തവത്തിൽ അങ്ങനെയൊരു പദ്ധതിയേ ഉണ്ടായിരുന്നില്ല, കടലാസിൽ അപ്രായോഗിക പദ്ധതിയുണ്ടാക്കി കബളിപ്പിക്കുകയായിരുന്നുവെന്ന് വ്യക്തമായി. എന്നാൽ, പൊതു ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന ആരോഗ്യ ഇൻഷുറൻസ് നടപ്പാക്കാൻ ബജറ്റ് വിഭാവനംചെയ്യുന്നു. പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളുമായി ചേർന്നാണ് സ്കീം നടപ്പാക്കുക.

വിലക്കയറ്റം തടയുന്നതിന് ബജറ്റിൽ തുക നീക്കിവെച്ചിട്ടില്ലെന്ന് ചിലർ വിമർശിക്കുന്നതു കേട്ടു. വിലക്കയറ്റം തടയാൻ സപ്ലൈകോയും കൺസ്യൂമർഫെഡും സഹകരണസ്ഥാപനങ്ങളൊന്നാകെയും സ്വീകരിച്ചുവരുന്ന അഭൂതപൂർവമായ വിപണി ഇടപെടൽ കണ്ടില്ലെന്നു നടിക്കുകയാണ് ആക്ഷേപക്കാർ. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ രാജ്യത്തിനാകെ മാതൃക സൃഷ്ടിച്ചുകൊണ്ട് നടന്നുവരുന്ന ആ ഇടപെടൽ തുടരും. അതിന്റെ ഫലമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം പൂർണമായും നികത്തിക്കൊടുക്കുമെന്നാണ് ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. അത് കേൾക്കാതെ, തുക നീക്കിവെച്ചിട്ടില്ലെന്ന് വൃഥാ വിമർശനമുന്നയിക്കുകയാണ്. കാർഷിക-പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും സാമൂഹ്യക്ഷേമത്തിനും ഊന്നൽ നൽകുന്ന ബജറ്റ് പുതിയ വികസനമേഖലകൾക്ക് ശക്തമായ പ്രോത്സാഹനവും നൽകുന്നു. കേരളത്തിന്റെ ഭാവിവികസ

നത്തിൽ ഏറ്റവും പ്രധാനപ്പെട്ട മേഖല ടൂറിസവും ഐടിയുമാണ്. രണ്ടുമേഖലകളുടെയും വികസനത്തിന് എൽഡിഎഫ് ഗവർമെണ്ട് പ്രതിജ്ഞാബദ്ധമാണ്. നൂറുകോടി രൂപ ടൂറിസത്തിനും 44 കോടി രൂപ ഐടിക്കും ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

പൊതുമേഖലാവ്യവസായങ്ങളെ വിറ്റുതുലയ്ക്കാനോ കയ്യൊഴിയാനോ പൂട്ടിയിടാനോ ഉള്ള ശ്രമമാണ് യുഡിഎഫ് ഭരണകാലത്ത് ഉടനീളം കണ്ടത്. എന്നാൽ, പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുക, വികസിപ്പിക്കുക എന്ന മുദ്രാവാക്യമാണ് എൽഡിഎഫ് സർക്കാരിന്റേത്. കഴിഞ്ഞ പത്തുമാസത്തിനിടയിൽ അത് ഏറെ ഫലംചെയ്തു. യുഡിഎഫ് ഭരണകാലത്ത് കേവലം പന്ത്രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിലായിരുന്നതെങ്കിൽ ഇപ്പോൾ അത് ഇരട്ടിയോളമായിരിക്കുന്നു. പൊതുമേഖലയുടെ സംരക്ഷണത്തിനും വികസനത്തിനും മുന്തിയ പരിഗണനയാണ് ബജറ്റിൽ നൽകിയിരിക്കുന്നത്.

ഹൈസ്കൂൾ വിദ്യാർഥികൾക്ക് കൂടി ഉച്ചക്കഞ്ഞി നൽകാൻ ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു. ഹയർസെക്കൻഡറി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപെൻഷനുകൾ പ്രതിമാസം പത്തുരൂപയാണ് വർധിപ്പിച്ചത്. അത് അപര്യാപ്തമാണെന്ന വിമർശനം സ്വാഭാവികമാണ്. എന്നാൽ, യുഡിഎഫ് ഭരണകാലത്ത് കൊല്ലങ്ങളായി പെൻഷൻ കുടിശികയാക്കുന്ന സമീപനമായിരുന്നു. അത് മാറ്റി, കൊടുത്തുതീർക്കുന്ന സമീപനം എൽഡിഎഫ് സർക്കാർ സ്വീകരിച്ചു. അവശേഷിക്കുന്ന കുടിശിക കൊടുത്തുതീർക്കാൻ മതിയായ തുക വകയിരുത്തിയിരിക്കുന്നു.

വിഭവ സമാഹരണത്തിന് ബജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. സാധാരണക്കാരുടെ നികുതിഭാരം വർധിപ്പിക്കാതിരിക്കാൻ പരമാവധി

ശ്രമിച്ചുകൊണ്ടാണ് വിഭവസമാഹരണത്തിനുള്ള മാർഗങ്ങൾ നിർദേശിച്ചിട്ടുള്ളത്.

വളരെ മോശമായ സാമ്പത്തികസ്ഥിതിയിൽനിന്ന് കേരളത്തെ കരകയറ്റുന്നതിന് എൽഡിഎഫ് സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. അടുത്ത ഒന്നുരണ്ടു വർഷത്തിനകം കൂടുതൽ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയിലേക്ക് എത്തുമെന്നുറപ്പിക്കാം. ആ വളർച്ചയുടെ, സമഗ്രവികസനത്തിന്റെ അടിത്തറ പാകുന്നതാണ് ഇത്തവണത്തെ ബജറ്റ്. അതിനെ ആക്ഷേപിക്കുന്നതിനു പകരം പിന്താങ്ങുകയും അതിലെ നിർദേശങ്ങൾ നടപ്പാക്കാൻ സഹകരിക്കുകയുമാണ് പ്രതിപക്ഷം ചെയ്യേണ്ടത്.

*************